"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-ബേപ്പൂർ വാട്ടർ ഫെസ്റ്റ് സീസൺ 4- കലാകാരന്മാർക്കുള്ള പ്രതിഫലം നൽകുന്നതിന് അഡ്വാൻസ് ആയി അനുവദിച്ച തുക ഇൻഫ്രാസ്ട്രക്ചറിനു വേണ്ടി വകമാറ്റി ചിലവഴിച്ച നടപടി സാധൂകരിച്ചും ഫെസ്റ്റിന്റെ നടത്തിപ്പിന് അധികമായി ചിലവായ തുക കോഴിക്കോട് ഡി.റ്റി.പി.സി -യ്ക്ക് അനുവദിച്ച് നൽകുവാൻ അനുമതി നൽകിയും ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.401/2025/TSM തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:- 1. 22/08/2024 തീയതിയിലെ സ.ഉ.(സാധാ)നം 410/2024/TSM

2. 23.12.2024 തീയതിയിലെ സ.ഉ(സാധാ)നം 729/2024/TSM

3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.03.2025 തീയതിയിലെ DOT/1673/2024-M1 നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ വാട്ടർഫെസ്റ്റ് സീസൺ 4 ന്റെ നടത്തിപ്പിലേക്കായി പരാമർശം(1) പ്രകാരം 2,45,00,000/-(രണ്ട് കോടി നാൽപത്തി അഞ്ച് ലക്ഷം) രൂപ അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് കോഴിക്കോട് ഡിടിപിസി സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം 1,00,00,000/- ( ഒരു കോടി രൂപ) കലാകാരൻമാർക്കുള്ള പ്രതിഫലം നൽകുന്നതിന് മാത്രം ഉപയോഗിക്കണമെന്ന വ്യവസ്ഥയിലും, മറ്റ് വ്യക്തമായ ഉപാധികളോടെയും അഡ്വാൻസ് ആയി അനുവദിച്ച് പരാമർശം(2)പ്രകാരം ഉത്തരവായിരുന്നു.

2. അഡ്വാൻസ് ആയി അനുവദിച്ച തുക കലാകാരൻമാരുടെ പ്രതിഫലത്തോടൊപ്പം മറ്റിനങ്ങൾക്കും ചെലവാക്കിയിട്ടുള്ളതായി ഡയറക്ടർ

റിപ്പോർട്ട് ചെയ്യുകയും ജില്ലാ കളക്ടർ ആന്റ് ചെയർമാൻ, ഡിടിപിസി, കോഴിക്കോട് സമർപ്പിച്ച വിശദീകരണം സഹിതം പരാമർശം(3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.അഡ്വാൻസ് ആയി അനുവദിച്ച ₹1,00,00,000/- ( ഒരു കോടി രൂപ) ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി വകമാറ്റി ചിലവഴിച്ച നടപടി സാധൂകരിച്ച് നൽകണമെന്നും കൂടാതെ ബേപ്പൂർ വാട്ടർ ഫെസ്റ്റ് സീസൺ 4 ന്റെ നടത്തിപ്പിനായി അധികമായി ചിലവായ 36,02,005/- രൂപ കോഴിക്കോട് ഡിറ്റിപിസി യുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബേപ്പൂർ വാട്ടർ ഫെസ്റ്റ് സീസൺ 4 ന്റെ നടത്തിപ്പിന് അഡ്വാൻസ് ആയി അനുവദിച്ച തുക സംഘാടകർ വകമാറ്റി ചിലവഴിച്ചത് ചില പ്രത്യേക സാഹചര്യങ്ങളിൽ, വാട്ടർ ഫെസ്റ്റിന്റെ സുഗമമായ നടത്തുന്നതിനുവേണ്ടി സംഘാടക സമിതി എടുത്ത സദുദ്ദേശപരമായ തീരുമാനമാണെന്നും മനഃപൂർവം വ്യവസ്ഥകൾ ലംഘിച്ചിതല്ല എന്നും, കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ബേപ്പൂർ വാട്ടർ ഫെസ്റ്റ് സീസൺ 4 ന്റെ നടത്തിപ്പിനായി കലാകാരൻമാർക്കുള്ള പ്രതിഫലം നൽകുന്നതിന് മാത്രം ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ അഡ്വാൻസ് ആയി അനുവദിച്ച ₹1,00,00,000/- ( ഒരു കോടി രൂപ) ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി വകമാറ്റി ചിലവഴിച്ച നടപടി സാധൂകരിച്ചും, ബേപ്പൂർ വാട്ടർ ഫെസ്റ്റിന്റെ നടത്തിപ്പിനായി ഭരണാനുമതി തുകയായ ₹2,45,00,000/- രൂപയെ അധികരിച്ചു ചിലവായ, **₹36,02,005/-**(മുപ്പത്തിയാറ് ലക്ഷത്തി രണ്ടായിരത്തി അഞ്ച് രൂപ മാത്രം) ***3452-80-104-99-00-00-01-പിവി -വിവിധ ഉത്സവങ്ങളുടെയും, സാംസ്കാരിക പരിപാടികളുടെയും പരിപോഷണം*** എന്ന ശീർഷകത്തിൽ നിന്നും, കോഴിക്കോട് ഡിറ്റിപിസി -യ്ക്ക് അനുവദിച്ച് നൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

4. അധികമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് മൂന്ന് മാസത്തിനകം ഡിറ്റിപിസി ചെയർമാൻ, കോഴിക്കോട് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ

ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ & ചെയർമാൻ,ഡിറ്റിപിസി കോഴിക്കോട്( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 01-07-2025 17:29:36
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്